"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — ചോക്കാട് ഗ്രാമപഞ്ചായത്ത് - 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.551/2023/LSGD തീയതി,തിരുവനന്തപുരം, 04-03-2023

പരാമർശം:-
1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.07.2022 ലെ പി എ എൻ/9577/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.12.2022 ലെ ഡി.കെ.എസ്.എ 3607/പി.റ്റി2/2022 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി സ്പ്രയർ, തെങ്ങുകയറ്റ യന്ത്രം, കളപറിക്കൽ യന്ത്രം എന്നിവ വാങ്ങൽ പദ്ധതിയിലെ (നം. S0014/15) ഗുണഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധി അധികരിച്ച് സബ്സിഡി അനുവദിച്ചതിലൂടെ 56,000/- രൂപ അധികച്ചെലവുണ്ടായത് 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ ( റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള റിപ്പോർ ട്ടിൽ ചോക്കാട് ഗ്രാമ പഞ്ചായത്ത് ഒരു മലയോര പ്രദേശമാണെന്നും കർഷകർ വന്യമൃഗശല്യത്തേയും പ്രകൃതിക്ഷോഭത്തെയും അതിജീവിച്ചാണ് കൃഷി ചെയ്യുന്നതെന്നും ടി സാഹചര്യത്തിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനു കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പരാമർശ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും, വർക്കിംഗ് ഗ്രൂപ്പിന്റെയും ഗ്രാമസഭയുടെയും കർഷകരുടെയും ആവശ്യം പരിഗണിച്ചാണ് സ്റ്റിയറിംഗ് കമ്മിറ്റിയും ഭരണസമിതിയും ടി പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചതെന്നും 50% തുകയായ 9000/- രൂപ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തതെന്ന് കൃഷി ഓഫീസർ അറിയിച്ചിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കർഷകർ ഗുണനിലവാരമുള്ള കാട്ടുവെട്ട് യന്ത്രം സർക്കാർ സഹകരണസ്ഥാപനമായ RAICO, KACO എന്നിവയിൽ നിന്ന് വാങ്ങി എന്ന് ഉറപ്പുവരുത്തിയ ശേഷം യഥാർത്ഥവിലയായ 23,000/- രൂപയുടെ 50% പരമാവധി ( ജില്ലാതല യൂണിറ്റ് കോസ്റ്റിന്റെ 50 %) 9000/- രൂപ മാത്രമാണ് കർഷകരുടെ അക്കൗണ്ടിലൂടെ നൽകിയതെന്നും കൃഷിവകുപ്പ് നടപ്പിലാക്കുന്ന STATE HORTICULTURAL MISSION - പദ്ധതിയിലൂടെ കാട്ടുവെട്ട് യന്ത്രത്തിന് 50% പരമാവധി 10,000/- രൂപയാണ് സബ്സിഡിയായി നൽകിയതെന്നും തെങ്ങിൻതോട്ടത്തിൽ ഇടവിളകൃഷിയായി കിഴങ്ങ്, വാഴ, പച്ചക്കറി എന്നീ കൃഷികളും ചെയ്തിട്ടുണ്ടെന്നും അത് വഴി വിളകളുടെ വിസ്തൃതിയും

ഉൽപാദനവും വർദ്ധിച്ചതായും കാർഷിക മേഖലയിൽ നിന്ന് കർഷകർ മറ്റ് മേഖലയിലേക്ക് ചുവട് മാറുന്ന കാലഘട്ടത്തിലാണ് ടി പദ്ധതി നടപ്പിലാക്കിയതെന്നും പ്രോജക്ട് അതിന്റെ ലക്ഷ്യം പൂർത്തികരിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയും ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽ കണമെന്നും പരാമർ ശം (1) പ്രകാരം ഡയറക്ടർ ( റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാൽ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2013-2014,2014-2015 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ലെ പരാമർശത്തിന് സാധൂകരണം നൽ കുന്നതിൽ എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിബന്ധനയോട് കൂടി മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം തടസ്സപ്പെടുത്തിയ **56,000/- രൂപയുടെ (അമ്പത്തി ആറായിരം രൂപ മാത്രം)** ചെലവിന് സാധൂകരണം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ